# പതിമൂന്നാം കേരള നിയമസഭ

## അഞ്ചാം സമ്മേളനം

**നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നമ്പർ 3367** — 25.06.2012 -ൽ മറുപടിയ്ക്ക്

**സംയോജിത ചെക്ക് പോസ്റ്റ് സംവിധാനം**

| ചോദ്യം | | മറുപടി | |
|---|---|---|---|
| ശ്രീ.കെ.രാജു | | ശ്രീ.കെ.എം.മാണി (ധനകാര്യവും നിയമവും ഭവനനിർമ്മാണവും വകുപ്പ് മന്ത്രി) | |
| (എ) | സംസ്ഥാനത്തെ ചെക്കു പോസ്റ്റുകളിൽ സംയോജിത ചെക്ക് പോസ്റ്റ് സംവിധാനം ആരംഭിക്കുവാൻ ഉദ്ദേശിക്കുന്നുണ്ടോ ; വ്യക്തമാക്കുമോ ; | (എ) | സംസ്ഥാനത്തെ പ്രധാനപ്പെട്ട ചെക്ക് പോസ്റ്റുകളിൽ സംയോജിത ചെക്ക്പോസ്റ്റ് സംവിധാനം ആരംഭിക്കുവാൻ ഉദ്ദേശിക്കുന്നുണ്ട്. ഇതിനുള്ള നടപടികൾ ആരംഭിച്ചു കഴിഞ്ഞു. അമരവിളയിൽ സംയോജിത ചെക്ക്പോസ്റ്റ് സ്ഥാപിച്ച് പ്രവർത്തനം ആരംഭിച്ചുകഴിഞ്ഞു. |
| (ബി) | ഉണ്ടെങ്കിൽ കൊല്ലം ജില്ലയിലെ ആര്യങ്കാവ് ചെക്ക് പോസ്റ്റിൽ പ്രസ്തുത സംവിധാനം നടപ്പിലാക്കുമോ എന്ന് വ്യക്തമാക്കുമോ ? | (ബി) | ആര്യങ്കാവിൽ സംയോജിത ചെക്ക്പോസ്റ്റ് സംവിധാനം നടപ്പിലാക്കുന്നതിനുവേണ്ടി നിലവിൽ ചെക്ക്പോസ്റ്റ് സ്ഥിതി ചെയ്യുന്ന സ്ഥലത്ത് ആവശ്യമായ സ്ഥലം ഇല്ലാത്തതിനാൽ തെന്മലയിൽ 8 ഏക്കർ വനഭൂമി ഏറ്റെടുക്കുന്നതിനുള്ള നടപടികൾ ആരംഭിച്ചു കഴിഞ്ഞു. ഏറ്റെടുക്കുന്ന വനഭൂമിക്ക് പകരമായി വനവത്ക്കരണത്തിനുവേണ്ടി ഭൂമി കണ്ടെത്തുന്നതിനായി കൊല്ലം ജില്ലാ കളക്ടറോട് ആവശ്യപ്പെട്ടിട്ടുണ്ട്. ആയത് ലഭ്യമാകുന്ന മുറയ്ക്ക് കേന്ദ്ര ഗവൺമെന്റിലേക്ക് അപേക്ഷ സമർപ്പിക്കുന്നതാണ്. |

സെക്ഷൻ ഓഫീസർ